
1635 87






വിവരാവകാശ നിയമപ്രകാരം സമർപ്പിക്കുന്ന അപേക്ഷ

അപേക്ഷകൻ

ബി.അജിത് രാജ്
സ്റ്റാഫ് റിപ്പോർട്ടർ
മാതൃഭൂമി
തിരുവനന്തപുരം ഫോൺ 9961408999

RTI-6
Received on 10.01.23

സ്വീകർത്താവ്

അസി. ഇൻഫർമേഷൻ ഓഫീസർ
കെ ഡിസ്ക്
ഇന്ത്യാ ഹൈറ്റസ് ബിൽഡിങ്
വഴുതക്കാട്
തിരുവനന്തപുരം

വിവരാവകാശ നിയമപ്രകാരം താഴെ പ്രതിപാദിക്കുന്ന ചോദ്യങ്ങൾക്ക് മറുപടി നൽകണമെന്ന് താത്പര്യപ്പെടുന്നു

1. ടെഡ് ടോക്ക് (TED talk) സീരിസിനായി ഇതുവരെ എത്രരൂപ ചെലവിട്ടു. ഇതുവരെ എത്രയെണ്ണം നടത്തി, ഒരോന്നിനും ചെലവായ തുക?

2. ടെഡ് ടോക്കുകളിൽ (TED talk) സ്പീക്കർമാരെ തെരഞ്ഞെടുക്കുന്നതിനുള്ള മാനദണ്ഡം എന്ത്. ആരാണ് ഇവരെ തെരഞ്ഞെടുത്തത്?

3. ടെഡ് ടോക്കുകളിൽ (TED talk) പങ്കെടുത്ത സ്പീക്കർമാരുടെ വിവരം, പേര്, യോഗ്യത, നൽകിയ പ്രതിഫലം എന്നിവ ?

10/1/23.

4.ടെഡ് ടോക്ക് (TED talk)നടത്തുന്ന ചുമതല ഏത് രീതിയിലാണ് ഐ.സി.ടി അക്കാദമിയെ ചുമതലപ്പെടുത്തിയത്. ടെണ്ടർ നടപടിക്രമങ്ങളുടെ പകർപ്പ് നൽകുക?

5. ഈ പദ്ധതിയുടെ നടത്തിപ്പിന് ഐ.സി.ടി അക്കാദമിക്ക് എത്ര രൂപ നൽകി. ഇനി എത്ര നൽകാനുണ്ട് ?

6. ഐ.സി.ടി അക്കാദമി സർക്കാർ സ്ഥാപനമാണോ? മത്സരാധിഷ്ഠിത ടെണ്ടർ ഇല്ലാതെ എതെങ്കിലും പദ്ധതിയുടെ നടത്തിപ്പ് ഇവർക്ക് കൈമാറിയിട്ടുണ്ടെങ്കിൽ ഏതെല്ലാം?
7. മത്സരാതിഷ്ഠിത ടെണ്ടർ ഇല്ലാതെ ഐ.സി.ടി അക്കാദമിക്ക് പദ്ധതി നടത്തിപ്പ് കെമാറിയെങ്കിൽ ഏത് ഉത്തരവിന്റെ അടിസ്ഥാനത്തിൽ ?

8. ഇതുവരെ നടത്തിയ ഒരോ ടെക് ടോക്കുകളിലും എത്രപേർവീതം പങ്കെടുത്തു. കെ ഡിസ്ക്, ഐ.സി.ടി അക്കാദമി, പ്രാദേശികം, ദേശീയം, അന്തർദേശീയം എന്നിങ്ങനെ പങ്കെടുത്തവരുടെ എണ്ണം?

9. ടെഡ് ടോക്ക് നടക്കുന്നുണ്ടോ നിർത്തിവച്ചെങ്കിൽ ആരുടെ തീരുമാന പ്രകാരം ?
10. മിയാവാക്കി പദ്ധതി നടത്തിപ്പിന് ടൂറിസം വകുപ്പും കെ ഡിസ്കും തമ്മിലുണ്ടാക്കിയ ധാരണാപത്രം അല്ലെങ്കിൽ ഏത് സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിലാണ് കെ ഡിസ്ക് ഈ പദ്ധതിക്ക് വേണ്ടി പണം മുടക്കിയത്. ?

വിശ്വസ്തതയോടെ
ബി.അജിത് രാജ്

7-01-2023
തിരുവനന്തപുരം

59

K-DISC
Kerala Development and Innovation Strategic Council

കേരള ഡെവലപ്പ്മെന്റ് & ഇന്നൊവേഷൻ സ്ട്രാറ്റജിക് കൗൺസിൽ

നം. 23/2023/കെ-ഡിസ്ക്

ഇന്ത്യ ഹൈറ്റ്സ്
ഗവ. വിമൻസ് കോളേജ് റോഡ്
വഴുതക്കാട് തൈക്കാട്. പി.ഒ
തിരുവനന്തപുരം - 695 014
തീയതി : 08/02/2023

പ്രേഷകൻ,

സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ &
സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ

സ്വീകർത്താവ്,

ശ്രീ . ബി. അജിത് രാജ്
സ്റ്റാഫ് റിപ്പോർട്ടർ
മാതൃഭൂമി
തിരുവനന്തപുരം

സർ,

വിഷയം:- വിവരാവകാശ നിയമം 2005 പ്രകാരം ശ്രീ. ബി. അജിത് രാജ് 10.01.2023 ന സമർപ്പിച്ച അപേക്ഷ - മറുപടി സംബന്ധിച്ച്

സൂചന:- താങ്കളുടെ 10.01.2023 ലെ വിവരാവകാശ നിയമ പ്രകാരമുള്ള അപേക്ഷ

സൂചനയിലേക്ക് താങ്കളുടെ ശ്രദ്ധ ക്ഷണിക്കുന്നു. 10.01.2023 ലെ അപേക്ഷയിൽ താങ്കൾ ആവശ്യപ്പെട്ട വിവരങ്ങൾ ചുവടെ ചേർക്കുന്നു.

1. ടെഡ്ടോക്ക് (TED talk) സീരിസിനായി ഇതുവരെ 2498000/-(Including GST & Flood Cess) രൂപാ ചെലവിട്ടു. ഇതുവരെ 42 എണ്ണം നടത്തി. ഒരോന്നിനും 50000/-രൂപാ വീതം ചെലവിട്ടു.

2. YIP ഇക്കോസിസ്റ്റം കെട്ടിപ്പടുക്കുന്നതിനുള്ള ഭാഗമായാണ് ടെഡ് ടോക്ക് എന്ന പരിപാടി വിഭാവന ചെയ്തിട്ടുള്ളത്. മികച്ച സംരംഭകരും, സാമൂഹിക പ്രവർത്തകരും, റിസർച്ച് ആൻഡ് ഡെവലപ്പ്മെൻറ് മേഖലകളിലെ വിദഗ്ധരും തുടങ്ങി വൈവിധ്യമാർന്ന മേഖലകളിൽ കഴിവ് തെളിയിച്ചിട്ടുള്ളവരെ ടെഡ് ടോക്കുകളിൽ സ്പീക്കർമാരായി തിരഞ്ഞെടുത്തു.

ടെഡ് ടോക്കുകളുടെ മേൽനോട്ടത്തിനായി വിദഗ്ധരെ ഉൾപ്പെടുത്തി ഒരു അഡ്വൈസറി കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. അഡ്വൈസറി കമ്മിറ്റിയുടെ നിർദ്ദേശം പരിഗണിച്ചാണ് ടെഡ് ടോക് സ്പീക്കർമാരെ തിരഞ്ഞെടുത്തിട്ടുള്ളത് .

3. ടെഡ് ടോക്കുകളിൽ (TED talk) പങ്കെടുത്ത സ്പീക്കർമാരുടെ വിവരം, പേര്, യോഗ്യത നൽകിയ പ്രതിഫലം എന്നിവയെ സംബന്ധിച്ച വിവരങ്ങൾ 23 പേജുകളിലായാണുള്ളത്,പേജ് ഒന്നിന് 3 രൂപാ നിരക്കിൽ 69 രൂപാ "0070-60-118-99-receipts under Right to Information Act 2005 " എന്ന ശീർഷകത്തിൽ ട്രഷറിയിൽ ഒടുക്കി അസ്സൽ ചെലാൻ രസീത് ഹാജരാക്കേണ്ടതാണ്.

4. വിവിധ തരത്തിലുള്ള ഗവൺമെൻറ് സംവിധാനങ്ങളുമായി പഠന വിഭവങ്ങൾ തയാറാക്കുന്നതിനും പഠന പ്ലാറ്റഫോമുകൾ വികസിപ്പിക്കുന്നതിനും ഓൺലൈൻ കോഴ്സും സർട്ടിഫിക്കേഷനും നൽകുന്നതിനും ഐ.ടി ആക്ഷൻ പ്ലാൻസ് ഫോർ എംപ്ലോയ്മെന്റ് പോസ്സിബിലിറ്റി ആൻഡ് ബെറ്റെർമെൻറ് ഓഫ് ലൈഫ്സ്റ്റൈൽ ഓഫ് ഡിഫറെൻലി ഏബിൾഡ് തുടങ്ങി വ്യത്യസ്തമായ മേഖലകളിൽ ഐസിടി അക്കാഡമി ഡിപ്പാർട്മെന്റുകളുമായി ചേർന്ന് പ്രവർത്തിക്കണമെന്നും ഐ ടി പോളിസി നിഷ്കർഷിക്കുന്നു. ഈ നയരൂപീകരണത്തിൻറെ ഭാഗമായി കെ-ഡിസ്ക്കിന്റെ പാർട്ണറായി ഐ സി ടി അക്കാഡമി പ്രവർത്തിച്ചുവരുന്നു . ആയതിനാലാണ് ടെഡ് ടോക്ക് (TED talk) നടത്തുന്ന ചുമതല ഐ.സി.ടി അക്കാഡമിയെ ഏൽപ്പിച്ചത്

5. ഈ പദ്ധതിയുടെ നടത്തിപ്പിന് ഐ.സി.ടി അക്കാദമിക്ക് ഇതുവരെ 24,98,000/-(Including GST & Flood Cess) രൂപ നൽകി. ഇനി 15,000/-രൂപ നൽകാനുണ്ട്.

6,7 - ഐ ടി വകുപ്പിനു കീഴിലുള്ള ഒരു നോൺ പ്രോഫിറ്റ് Section-25 കമ്പനിയാണ് ഐ.സി.ടി അക്കാദമി. ഗവൺമെൻറ് സംവിധാനത്തിലെ ഐ ടി അധിഷ്ഠിത പ്രവർത്തനങ്ങളിൽ ഒരു വിദഗ്ധ സങ്കേതം എന്ന നിലയിലാണ് ഐസിടി അക്കാഡമിയെ ഐ.ടി പോളിസി നിർദേശിച്ചിട്ടുള്ളത്.

Accelerated Blockchain Competency Development Programme, Young Innovators Programme, Manchadi – Teach Maths for Kerala, One District One Idea Programme, One Local Government One Idea, Kerala Knowledge Economy Mission മുതലായ പദ്ധതികളുടെ വിവിധ ഘടകങ്ങൾ നടപ്പിലാക്കാൻ ഐസിടി അക്കാദമിയെ ചുമതലപെടുത്തിയിട്ടുണ്ട്

വിവിധ പദ്ധതികളുടെ നടത്തിപ്പിന് ഐ.സി.ടി അക്കാദമി കെ-ഡിസ്കിന്റ പാർട്ണർ സ്ഥാപനമാണ്. ടെഡ് ടോക്ക് (TED talk) നടത്തുന്ന ചുമതല ഐ.സി.ടി അക്കാഡമിയെ ഏല്പിക്കുന്നതിന് മത്സരാതിഷ്ഠിത ടെൻഡർ നടപടികൾ ആവശ്യമില്ല.

8. ഒരോ ടെക് ടോക്കുകളിലും പങ്കെടുത്തവരുടെ എണ്ണം സംബന്ധിച്ച വിവരങ്ങൾ 3 പേജുകളിലായാണുള്ളത്,പേജ് ഒന്നിന് 3 രൂപാ നിരക്കിൽ 9 രൂപാ "0070-60-118-99-receipts under Right to Information Act 2005 " എന്ന ശീർഷകത്തിൽ ട്രഷറിയിൽ ഒടുക്കി അസ്സൽ ചെലാൻ രസീത് ഹാജരാക്കേണ്ടതാണ്.

കെ ഡിസ്ക്, ഐ.സി.ടി അക്കാദമി, പ്രാദേശികം, ദേശീയം, അന്തർദേശീയം എന്നിങ്ങനെ പങ്കെടുത്തവരുടെ എണ്ണം തരം തിരിച്ചുള്ള രേഖകൾ ലഭ്യമല്ല.

9. ടെഡ് ടോക്ക് നിർത്തിവച്ചിട്ടില്ല. കൂടുതൽ സംഘടിതമായി വിദ്യാഭ്യാസ സ്ഥാപനങ്ങളുടേയും ഗവേഷക സ്ഥാപനങ്ങളുടേയും പങ്കാളിത്തത്തോടെ പോരായ്മകൾ പരിഹരിച്ചും കൂടുതൽ വിപുലമായും സംഘടിപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ അന്തിമഘട്ടത്തിലാണ്. ടെഡ് ടോക്ക് സീസൺ-3 ഉടനെ ആരംഭിക്കുന്നതാണ്.

10. മിയാവാക്കി പദ്ധതിയുടെ നടത്തിപ്പിനായി ടൂറിസം വകുപ്പും കെഡിസ്കും തമ്മിൽ ധാരണാപത്രങ്ങളൊന്നും ഒപ്പുവെച്ചിട്ടില്ല . കെഡിസ്കും നേച്ചേർസ് ഗ്രീൻ ഗാർഡിയൻസ് ഫൗണ്ടേഷനും ((NGGFNn) തമ്മിൽ ഒപ്പുവെച്ച MOU പ്രകാരമാണ് പണം മുടക്കിയത്.

ഈ മറുപടിയിൽ താങ്കൾ തൃപ്തനല്ലെങ്കിൽ ഈ കത്ത് കൈപ്പറ്റി 30 ദിവസത്തിനുള്ളിൽ താഴെപറയുന്ന മേൽവിലാസത്തിൽ അപ്പീൽ സമർപ്പിക്കാവുന്നതാണ്.

<u>അപ്പീൽ അധികാരി</u>

ഡോ.പി.വി ഉണ്ണികൃഷ്ണൻ

മെമ്പർ സെക്രട്ടറി

കേരള ഡവലപ്മെന്റ് & ഇന്നോവേഷൻ സ്ട്രാറ്റജിക് കൌൺസിൽ

ഇന്ത്യ ഹൈറ്റ്സ് ബിൽഡിംഗ് ,വിമൻസ് കോളേജ് റോഡ്, വഴുതക്കാട്

തിരുവനന്തപുരം, കേരളം 695014

വിശ്വസ്തതയോടെ,

S. [signature]

സുരേഷ് കുമാർ എസ്

സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ &

സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ